പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5095</u> <u>30.06.2014 ൽ മറുപടിക്ക്</u>

## <u>അമ്പലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡൻസ്പോലീസ് കേഡറ്റ് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റ് സംവിധാനം പ്രവർത്തിച്ചുവരുന്നത്; | (എ) 3 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം പ്രവർത്തിച്ചുവരുന്നു.<br>1. ഗവ. മോഡൽ എച്ച്.എസ്.എസ്., അമ്പലപ്പുഴ.<br>2. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര.<br>3. ലജ്നത്തുൾ മുഹമ്മദിയാസ് എച്ച്.എസ്.എസ്. ആലപ്പുഴ. |
| (ബി) തെരഞ്ഞെടുക്കപ്പെട്ട കേഡറ്റുകൾക്ക് ഉപരിപഠനാർത്ഥം അധികആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് ഉപരി പഠനത്തിനായി നൽകിവരുന്നു. |
| (സി) സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ ഹൈസ്കൂളുകളിലും കോളേജുകളിലും പ്രസ്തുതപദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) അപേക്ഷ ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട സമിതി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻഓഫീസർ

അനുബന്ധം

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കാൻ വേണ്ടി പുതിയ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പരേഡ്, പി.റ്റി എന്നിവ നടത്തുന്നതിന് വേണ്ട സ്ഥലസൗകര്യമുള്ള ഗ്രൗണ്ട് പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളിന് ഉണ്ടായിരിക്കണം.
2. ഒരു സ്കൂളിൽ എസ് പി സി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിയോട് താൽപര്യമുള്ള ഒരു സി. പി. ഒ യും ഒരു എ. സി. പി. ഒ യും ഉണ്ടായിരിക്കണം.ഇതിൽ ഒരാൾ വനിത ആയിരിക്കണം. എസ്. പി. സി സംബന്ധമായി സംസ്ഥാനതലത്തിലും സ്കൂൾ തലത്തിലും നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ടി അധ്യാപകർ പങ്കെടുക്കാൻ സന്നദ്ധരായിരിക്കണം. ടി അധ്യാപകരെ അധികചുമലതകളിൽ നിന്ന് അതാത് ഹെഡ്മാസ്റ്റർ/ ഹെഡ്മിട്രസ് ഒഴിവാക്കി കൊടുക്കേണ്ടതാണ്.
3. എസ്.പി.സി പദ്ധതി ഏർപ്പെടുത്തുന്ന സ്കൂളുകളിൽ എട്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം നൂറിൽ കുറയരുത് (എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്, ഗൈഡ്സ് മുതലായവ ഇല്ലാത്ത സ്കൂളുകളിൽ).
4. എൻ.സി.സി-യുടേയും എൻ.എസ്.എസിന്റെയും യൂണിറ്റുകളില്ലാത്ത സർക്കാർ സ്കൂളുകൾക്ക് മുൻഗണന നൽകേണ്ടതാണ്
5. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്
6. അൺ എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി പദ്ധതി തുടങ്ങുന്നതിനുള്ള അംഗീകാരം നൽകുന്നതിന് മുൻപ് ടി സ്കൂളുകളിലെ സി.പി.ഒ /എ.സി.പി.ഒ (അധ്യാപകർ) എന്നിവരെ അഞ്ച് വർഷത്തേക്ക് സ്ഥലം മാറ്റുവാൻ പാടില്ലയെന്നും , കൂടാതെ എസ്.പി.സി പ്രവർത്തനകലണ്ടർ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളിലും ടി അധ്യാപകർക്ക് പങ്കെടുക്കാൻ അതാത് സ്കൂളുകളിലെ മാനേജ്മെന്റ്/ഹെഡ്മിസ്ട്രസ്/ഹെഡ്മാസ്ട്രർ വേണ്ട ശ്രദ്ധ ചെലുത്തുമെന്നും കേഡറ്റുകൾക്ക് നൽകേണ്ട ലഘുഭക്ഷണം കൃത്യമായി നൽകുമെന്നും സമ്മതപത്രം എഴുതി വാങ്ങേതാണ്
7. അൺ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ്/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നിവരുടെ നിസ്സീമമായ സഹകരണം എസ്.പി.സി പദ്ധതി നടത്തുന്നതിനുണ്ടായിരിക്കണം.
8. സജീവമായതും സേവനപാരമ്പര്യവുമുള്ള അദ്ധ്യാപക-രക്ഷകർത്തൃ സമിതി ഉണ്ടായിരിക്കണം. ഇതിന്റെ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടുള്ള ഒരു സമ്മതപത്രം ഉണ്ടായിരിക്കണം.
9. അത്യാവശ്യ ഫർണിച്ചർ ഉൾപ്പെടെ എസ്.പി.സി ഓഫീസ് ഉണ്ടായിരിക്കണം.
10. കേഡറ്റുകൾക്ക് വസ്ത്രം മാറാൻ പ്രത്യേകസ്ഥലം ഉണ്ടായിരിക്കണം.
11. പദ്ധതി അനുവദിച്ചാലുടൻ സ്കൂളിന് മുന്നിൽ എസ്.പി.സി ബോർഡ് സ്ഥാപിക്കേണ്ടതാണ്.
12. രണ്ട് മാസത്തിൽ ഒരിക്കൽ സ്കൂൾ തല ഉപദേശകസമിതി യോഗവും രക്ഷകർത്താക്കളുടെ യോഗവും കൂടുന്നതിന് സന്നദ്ധരായിരിക്കണം.
13. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.

**********************

സെക്ഷൻ ഓഫീസർ